# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

05 തിങ്കൾ ഏപ്രിൽ 2021

Volume 1, Issue 3

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# തിരഞ്ഞെടുപ്പ് ചൂടിൽ അങ്ങാടിക്കടവ്



**ഡെൽന ഡേവിസ്**

അങ്ങാടിക്കടവ്: തിരഞ്ഞെടുപ്പിന് നിമിഷങ്ങൾ മാത്രം ബാക്കി നിൽക്കേ അവസാനഘട്ട ഒരുക്കങ്ങളിലേക്ക് അങ്ങാടിക്കടവ്. മൂന്നു ബൂത്തുകളിലായി 3259 ആളുകളാണ് നാളെ തങ്ങളുടെ സമ്മതിദാനാവകാശം രേഖപ്പെടുത്തുക. ഇതിൽ 1628 പേർ പുരുഷന്മാരും 1631 പേർ സ്ത്രീകളുമാണ്.

മുപ്പത്, മുപ്പത്തിരണ്ട്, മുപ്പത്തിമൂന്ന് പോളിംഗ് സ്റ്റേഷനുകളാണ് അങ്ങാടിക്കടവ് പരിധിയിൽ വരിക. മുപ്പത്, മുപ്പത്തിരണ്ട്, പോളിംഗ് സ്റ്റേഷനുകൾ അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് ഹൈസ്കൂളിലും, മുപ്പത്തിമൂന്നാം നമ്പർ പോളിംഗ് സ്റ്റേഷൻ യു.പി. സ്കൂളിലും ആണ്. 11 സ്ഥാനാർഥികളാണ് ഇക്കുറി മാറ്റുരയ്ക്കുക. 'നോട്ട' വോട്ട് രേഖപ്പെടുത്തുന്നതിനും അവസരമുണ്ട്.

കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കും എന്ന് ഇലക്ഷൻ കമ്മീഷൻ ഉറപ്പ് പറയുന്നുണ്ടെങ്കിലും ഏറെ സംശയങ്ങളും ആശങ്കകളും നിലവിലുണ്ട്.

''രണ്ടു മീറ്റർ അകലം പാലിച്ച് മാസ്ക് ധരിച്ച് സ്വയം സുരക്ഷ ഉറപ്പുവരുത്തണം. പോളിംഗ് ബൂത്തിൽ ഒരു സമയം ഒരാളെ ആയിരിക്കും അനുവദിക്കുക. വോട്ട് രേഖപ്പെടുത്താനായി കയറുമ്പോഴും തിരിച്ച് ഇറങ്ങുമ്പോഴും സാനിറ്റൈസർ ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തണം.'' സ്വീകരിക്കേണ്ട സുരക്ഷാ നിർദ്ദേശങ്ങളെ പറ്റി പ്രിസൈഡിങ് ഓഫീസർ സോജൻ തണങ്ങാട്ട് പ്രതികരിച്ചു.

രാവിലെ ഏഴുമുതൽ വൈകിട്ട് ഏഴുവരെ ആണ് പോളിംഗ് സമയം. അവസാന ഒരു മണിക്കൂർ കോവിഡ് രോഗികൾക്കും ക്വാറന്റൈൻ രോഗികൾക്കും വോട്ട് ചെയ്യാൻ അവസരം നൽകും. എങ്കിലും മറ്റു വോട്ടർമാർ ഉണ്ടെങ്കിൽ അതിനു ശേഷമായിരിക്കും കോവിഡ്, ക്വാറന്റൈൻ രോഗികളെ പരിഗണിക്കുക.

''തിരഞ്ഞെടുപ്പ് കാലം ഏറെ പ്രതീക്ഷകളുടെ കാലമാണ്. നാടിന്റെ വികസനമാണ് പ്രധാനം. യുഡിഎഫ്, എൽഡിഎഫ്, ബിജെപി, ആരു ജയിച്ചാലും നാടിന് വികസനം വരണം. അല്ലാതെ ജയിച്ചു പോയി കഴിഞ്ഞാൽ ഇങ്ങോട്ട് തിരിഞ്ഞുനോക്കാത്തവരാകരുത്. കൂടുതൽ കഴിവ് തെളിയിക്കുന്ന വ്യക്തികൾ ആകണം''. നാട്ടുകാരൻ മാത്യു കെ. സി. അഭിപ്രായപ്പെട്ടു.

കഴിഞ്ഞ പത്തു വർഷമായി ഏറെ വികസനങ്ങൾ നാട്ടിൽ ഉണ്ടായിട്ടുണ്ടെന്നുള്ള അഭിപ്രായമാണ് വ്യാപാരിയായ ടോം എടൂരിനുള്ളത്.

''വികസനം എന്നത് അങ്ങാടിക്കടവിന് എന്നും അന്യമാണ്. മാറി മാറി ഏതൊക്കെ സർക്കാറുകൾ വന്നാലും അങ്ങാടിക്കടവിൽ ഒരു മാറ്റവും സംഭവിക്കുകയില്ല. ആ പ്രതീക്ഷ എല്ലാം അസ്തമിച്ചു. കാൽനടക്കാർക്കും വാഹനങ്ങൾക്കും പോകാനുള്ള വീതി പോലും റോഡിൽ ഇല്ല. ടൗണിലെ കനാൽ പൊളിച്ചിട്ട് വർഷങ്ങളായി, മഴക്കാലത്ത് വെള്ളം കുത്തിയൊഴുകുന്ന സ്ഥിതിയിലാണ് ഇന്നും. ഇതൊക്കെ കാണുമ്പോൾ എന്തിനാണ് വോട്ട് ചെയ്യുന്നത് എന്ന് തോന്നിപ്പോകും'' ഓട്ടോറിക്ഷ തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

## കന്നിവോട്ടർമാരുടെ പ്രതീക്ഷകൾ



*''നാടിന് ഉപകാരപ്രദമായ പ്രവർത്തനങ്ങൾ ചെയ്യുന്ന പ്രതിനിധി വരണം. പാർട്ടി നോക്കി ഒരിക്കലും വോട്ട് ചെയ്യില്ല. നാടിന് വികസനം ഉണ്ടാവണം. ഒപ്പം നമ്മൾ എന്തു പരാതിയുമായി ചെന്നാലും അത് കേൾക്കാനുള്ള ഒരു മനസ്സ് വേണം.''*

**അതുൽ ജോണി**



*''വ്യക്തിയെ നോക്കിയായിരിക്കും വോട്ട് ചെയ്യുക. പാർട്ടി ഒരു മാനദണ്ഡമല്ല. അഴിമതി ഇല്ലാതെ രാജ്യത്തെ മുന്നോട്ടുകൊണ്ടു പോകാൻ കഴിവുള്ളവർ ആയിരിക്കണം.''*

**ഐശ്വര്യ ലക്ഷ്മി**



*''വോട്ട് ചെയ്തത് വേസ്റ്റായി പോയി എന്ന തോന്നൽ ഉണ്ടാവരുത്. യുവജനങ്ങൾക്ക് കൂടുതൽ അവസരം നൽകണം. അവർക്ക് സമൂഹത്തിൽ മാറ്റം കൊണ്ടുവരാൻ സാധിക്കും.''*

**ജോമിൻ ജോസ്**

## എഡിറ്റോറിയൽ

### പാഴാക്കരുത് ഒരു വോട്ടും

ചൂണ്ടുവിരലിൽ പുരട്ടുന്ന മഷിയടയാളം നാം ജനാധിപത്യത്തിന് നൽകുന്ന ഏറ്റവും വലിയ അംഗീകാരമാണ്. ജനങ്ങളുടെ അവകാശവും, സുരക്ഷിതത്വവും ഉറപ്പാക്കുന്ന ഏറ്റവും ശക്തമായ ആയുധമാണ് സമ്മതിദാനാവകാശം. ഏറ്റവുംഅനുയോജ്യനായ നേതാവിനെ ആയിരിക്കണം ജനങ്ങൾ വോട്ട് ചെയ്ത് തിരഞ്ഞെടുക്കേണ്ടത്. പ്രതിസന്ധികൾ ഏറിവരുന്ന കാലഘട്ടത്തിൽ നാടിന്റെ സുസ്ഥിരതയ്ക്ക് മുമ്പത്തെക്കാളും പ്രസക്തി വർധിക്കുമ്പോൾ, ഓരോ വോട്ടിനും ഏറെ പ്രാധാന്യമുണ്ട്.

ജനാധിപത്യ വ്യവസ്ഥിതിയിൽ രാജ്യത്തോടും നമ്മോടു തന്നെയുമുള്ള കടമ നിർവഹിക്കാൻ ഓരോ വോട്ടറും ബാധ്യസ്ഥനാണ്. സമ്മതിദാനാ വകാശം എന്ന പരമാധികാരത്തെക്കുറിച്ചു ജനങ്ങൾക്കു പൂർണ ബോധ്യമുണ്ടാകേണ്ടതാണ്. ഏതു സർക്കാരായാലും അത് ബഹുഭൂരിപക്ഷം പേരും പങ്കെടുത്ത വോട്ടെടുപ്പിലൂടെ രൂപം കൊള്ളുമ്പോഴേ ജനാധിപത്യ വ്യവസ്ഥിതിക്കു പൂർണ്ണരൂപം ഉണ്ടാവുകയുള്ളു.

ഒരൊറ്റ വോട്ടും പാഴാകാനിടയാകാത്തവിധം തിരഞ്ഞെടുപ്പു വിജയിപ്പിക്കാൻ മുന്നിട്ടിറങ്ങേണ്ടതു ജനങ്ങളാണ്. ഒരു വോട്ടിനോ ഏതാനും വോട്ടുകൾക്കു മാത്രമോ ഒരു സ്ഥാനാർഥി ജയിക്കുമ്പോഴോ തോൽക്കുമ്പോഴോ ആവും സമ്മതിദാനാവകാശത്തിന്റെ വില പലരും തിരിച്ചറിയുക.

ചുട്ടുപൊള്ളിയ പരസ്യപ്രചാരണകാലം തീർന്നിരിക്കുന്നു. തിരഞ്ഞെടുപ്പിനുശേഷം മൽസരങ്ങൾ മാറ്റിവച്ചു നാടിന്റെ വികസനത്തിനായി ഒരുമിച്ചു നീങ്ങാനുള്ള കടമ എല്ലാ പാർട്ടികൾക്കുമുണ്ട്. പെരുമാറ്റച്ചട്ടത്തിന്റെ പേരിൽ സ്തംഭനാവസ്ഥയിലായ നമ്മുടെ ഭരണയന്ത്രം ഇനി ഇരട്ടിവേഗത്തിൽ മുന്നോട്ടുപോയേതീരൂ.

-എഡിറ്റർ

# 'വോട്ട്' ഓർമ്മ @95

**ക്രിസ്റ്റീൻ ലൂയീസ്**

തൊണ്ണൂറ്റിയഞ്ചാം വയസിന്റെ നിറവിൽ അങ്ങാടിക്കടവിലെ പ്രായമേറിയ വോട്ടർമാരിലൊരാളായ പൈമ്പള്ളിക്കുന്നേൽ ചെറിയാൻ സ്കറിയ തന്റെ തിരഞ്ഞെടുപ്പ് ഓർമ്മകളും അനുഭവങ്ങളും ആവേശത്തോടെ അങ്ങാടിപത്രവുമായി പങ്കുവയ്ക്കുന്നു.

പൊടി പിടിച്ചു കിടന്നിരുന്ന ഓർമ്മകളിൽ നിന്ന് തന്റെ കന്നിവോട്ട് പട്ടം താണുപിള്ളയ്ക്ക് ആയിരുന്നുവെന്ന് അദ്ദേഹം ഓർത്തെടുത്തു.

നല്ലപ്രായത്തിൽ സജീവരാഷ്ട്രീയ പ്രവർത്തകനായിരുന്ന ഇദ്ദേഹം ആ കാലഘട്ടങ്ങളിലെ തിരഞ്ഞെടുപ്പ് പ്രചരണങ്ങൾ കുറച്ചുകൂടെ മെച്ചവും ആത്മാർത്ഥതുള്ളതുമായിരുന്നുവെന്ന് പറഞ്ഞു. കാൽനടയായി മട്ടന്നൂർ വരെ സ്ഥാനാർഥികളുടെ കൂടെ നടന്ന് തിരഞ്ഞെടുപ്പ് പ്രചരണം നടത്തിയിരുന്നതായി അദ്ദേഹം ഓർമ്മിക്കുന്നു.

1947ൽ തൊടുപുഴയിൽ നിന്ന് അങ്ങാടിക്കടവ് പ്രദേശത്തേക്ക് കുടിയേറിയ വ്യക്തിയാണ് ഇദ്ദേഹം. പഴയ കാലഘട്ടങ്ങളിലെ അധികാരികളെക്കാൾ സാധാരണക്കാരിലേക്കും അവന്റെ പ്രശ്നങ്ങളിലേയ്ക്കും ഇറങ്ങി വന്നിട്ടുള്ളത് പുതിയ തലമുറയിലെ നേതാക്കളും ഭരണാധികാരികളും ആണ്.



ചെറിയാൻ സ്കറിയ പൈമ്പള്ളിക്കുന്നേൽ

ഒരു കുടിയേറ്റ കർഷകൻ എന്ന നിലയിൽ കുടിയേറ്റക്കാരെ വേണ്ടത്ര രീതിയിൽ പരിഗണിക്കാതെ ജന്മിമാർക്ക് ഒപ്പമായിരുന്നു പഴയ കാലഘട്ടത്തിലെ ഭരണാധികാരികൾ. ജന്മിമാർക്ക് വേണ്ടി ആണ്ടുകരം നി ലനിർത്തിപ്പോന്നു. അന്നത്തെക്കാലത്ത് ഒരു കോഴിയും ഒരു കുപ്പി ഉരുക്ക് നെയ്യും 10 രൂപയുമായിരുന്നു ആണ്ടു കരം. ഒരു കർഷകൻ എന്ന നിലയിൽ ഒരിക്കൽ പോലും മാറിമാറിവന്ന സർക്കാരുകളിൽ നിന്ന് ഒരുതരത്തിലും സഹായമോ നേട്ടമോ ഉണ്ടായിട്ടില്ല. 95 വയസ്സിനിടയിൽ പ്രായപൂർത്തിയായതിന് ശേഷം എല്ലാ തിരഞ്ഞെടുപ്പിലും വോട്ട് ചെയ്തിട്ടുണ്ട്. ഏകദേശം അറുപതിനും അറുപത്തിയഞ്ചിനുമിടയിൽ തിരഞ്ഞെടുപ്പുകളിൽ സമ്മതിദാനാവകാശം ഉപയോഗിച്ചിട്ടുണ്ട്.

ഭരണാധികാരികളിൽ നിന്ന് എന്ത് കിട്ടി എന്ന് നോക്കിയിട്ടല്ല വോട്ട് ചെയ്യാറ്. വോട്ട് ചെയ്യുക എന്നത് തന്റെ അവകാശമാണ് എന്ന തിരിച്ചറിവ് ഉള്ളതുകൊണ്ടാണ് വോട്ട് ചെയ്യുന്നത്.

കോവിഡ് മാനദണ്ഡമനുസരിച്ച് 80 വയസിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്ക് തപാൽ വോട്ട് സൗകര്യം തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കിയിരുന്നതുകൊണ്ട് ഈ പ്രാവശ്യത്തെ വോട്ട് നേരത്തെ പൂർത്തിയാക്കിയിരുന്നു.എന്നാൽ തിരഞ്ഞെടുപ്പ് ദിവസം ബൂത്തുകളിൽ വരിനിന്ന് വോട്ട് ചെയ്യുന്നതാണ് കൂടുതൽ ഇഷ്ടം. അപ്പോൾ ആളുകളെ കാണാനും അവരോട് സംസാരിക്കാനും അവസരം ഉണ്ടായിരുന്നു.

പുതിയ തലമുറയിലെ വോട്ടർമാരോട് അദ്ദേഹത്തിന് പറയാനുള്ളത് ഭരിക്കുന്ന പാർട്ടികൾ മാറിമാറി വരും, ഒരുപക്ഷേ നമുക്ക് കിട്ടേണ്ടത് ഒന്നും കിട്ടിയെന്നുവരില്ല. എങ്കിലും ഒരിക്കൽ പോലും നിങ്ങളുടെ വോട്ടവകാശം പാഴാക്കി കളയരുത്.

# ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം

**അഭിരാം കെ.കെ**

അങ്ങാടിക്കടവ്: സംസ്ഥാന സർക്കാരിന്റെ 'ശുചിത്വ മിഷൻ' മാലിന്യ ശേഖരണ പദ്ധതിക്ക് അയ്യങ്കുന്ന് പഞ്ചായത്തിൽ തുടക്കം കുറിച്ചു. പദ്ധതിയുടെ ഭാഗമായി ഹരിതകർമ്മ സേന അംഗങ്ങൾ ഓരോ വാർഡുകളിലെയും വീടുകൾ സന്ദർശിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കും. പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചതിന് ശേഷം രണ്ടാംകടവിലുള്ള എം.സി.എഫി (Material Collection Facility) ലേക്ക് എത്തിക്കും. പിന്നീട് അവിടെ നിന്നും സംസ്കരണത്തിനായി കൊണ്ടുപോകും.


ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ വിലയിരുത്തി സംസാരിക്കുന്നു

സംസ്ഥാന സർക്കാരുമായി കരാറിലേർപ്പെട്ട 'ക്ലീൻ കേരള കമ്പനി' യാണ് മാലിന്യങ്ങൾ ശേഖരിച്ച് നിർമാർജ്ജനം ചെയ്യുന്നത്. ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് കിലോയ്ക്ക് ഏഴ് രൂപ വച്ച് പഞ്ചായത്തിന് ലഭിക്കും. മാലിന്യങ്ങൾ തരംതിരിക്കാതെയും വൃത്തിയാക്കാതെയുമാണ് നൽകുന്നതെങ്കിൽ പഞ്ചായത്ത് 10 രൂപ കമ്പനിക്ക് നൽകണം.

മാസത്തിൽ ഒരു തവണയാണ് വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നത്. ഓരോ വീടുകളിൽ നിന്നും പഞ്ചായത്ത് 30 രൂപ ഈടാക്കും. കടകളിൽ നിന്ന് 50 രൂപയും. മാസത്തിൽ രണ്ട് തവണയാണ് കടകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നത്. ഓരോ വാർഡിലുമുള്ള കുടുംബശ്രീ പ്രവർത്തകരായ രണ്ട് അംഗങ്ങളെയാണ് മാലിന്യ ശേഖരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ളത്. മാലിന്യങ്ങൾ വിറ്റ് കിട്ടുന്നതിലൂടെയുള്ള തുക ഹരിത കർമ്മ സേനംഗങ്ങളുടെ ശമ്പളമായി പഞ്ചായത്തിൽ നിന്ന് കൊടുക്കുന്നു.

ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്തുകളിൽ ശുചിത്വ പദവി ലഭിക്കുന്നത്. ഈ ഒരു പദ്ധതിയിലൂടെ പ്രധാനമായും രണ്ട് കാര്യങ്ങളാണ് സാധിക്കുന്നത്: പലയിടങ്ങളിലായി ഉപേക്ഷിക്കപ്പെട്ട പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണമായും ഒഴിവാക്കാൻ സാധിക്കുകയും ഒരുപാട് പേർക്ക് തൊഴിൽ ലഭിക്കുന്നതിനും ഇത് ഇടയാക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

''പൊതുജനങ്ങളുടെ ഭാഗത്ത് നിന്ന് ഭൂരിഭാഗം ആളുകളും പദ്ധതിയെ പിന്തുണക്കുന്നുണ്ട് എങ്കിലും ചിലർ നിസ്സഹകരണ മനോഭാവം കാണിക്കുന്നുണ്ട്'', ഹരിത കർമ്മ സേനയുടെ സെക്രട്ടറി ഡോളി പറഞ്ഞു.

''ഇതൊരു നല്ല കാര്യം തന്നെയാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒരു പരിധിവരെ നിർമാർജ്ജനം ചെയ്യാൻ ഇതിലൂടെ സാധിക്കും'' എന്ന് നാട്ടുകാരനായ സണ്ണി തണങ്ങാട്ട് അഭിപ്രായപ്പെട്ടു.

## ഗ്രാമീണ പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് : അറിയേണ്ടത്

ഇന്ത്യ ഗവൺമെന്റ് ഗ്രാമങ്ങളിലെ എല്ലാ ജനങ്ങളുടെയും ജീവിത സുരക്ഷക്കായി ഭാരതിയ തപാൽ വകുപ്പിന്റെ സഹായത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. ഗ്രാമങ്ങളിൽ സ്ഥിരതാമസകാരും, പ്രായപൂർത്തിയായവരുമായ എല്ലാ ഭാരതീയ പൗരൻമാർക്കും ഈ പദ്ധതിയിൽ പങ്കുചേരാവുന്നതാണ്. കുറഞ്ഞ പ്രായപരിധി 19 വയസും പരമാവധി പ്രായം 55 വയസുമാണ്. ഈ പദ്ധതിയിൽ കുറഞ്ഞത് പതിനായിരം രൂപ മുതൽ പത്തു ലക്ഷം വരെയുള്ള തുകയ്ക്ക് നിബന്ധനകൾക്കു വിധേയമായി ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. സർക്കാർ /അർദ്ധസർക്കാർ /സഹകരണ /പ്രൊഫഷണൽ മേഖകളിൽ ജോലി ചെയുന്നവർക്ക് 50 ലക്ഷം രൂപ വരെയുള്ള പോസ്റ്റൽ ലൈഫ് ഇൻഷുറൻസും നല്കപ്പെടുന്നു. ബർത്ത് സർട്ടിഫിക്കറ്റ് /പാൻകാർഡ് /എസ്. എസ്. എൽ.സി /ഡ്രൈവിംഗ് ലൈസൻസ് കോപ്പി /ആധാർ ഇവയിൽ എതെകിലും ഒപ്പം നിങ്ങളുടെ പാസ്പോർട്ട് സൈസ് ഫോട്ടോയുമായി തപാൽ ഓഫീസിൽ സമീപ്പിച്ചാൽ ഈ സേവനം നിങ്ങൾക്കു ലഭ്യമാകും. കുറഞ്ഞ പ്രീമിയം, ഉയർന്ന ബോണസ്, നികുതി ഇളവുകൾ, വായ്പ്പ സൗകര്യം പദ്ധതിയുടെ പ്രത്യേകതയാണ്.

# ഹൈസ്കൂൾ നവീകരണം ദ്രുതഗതിയിൽ


സേക്രഡ് ഹാർട്ട് ഹൈസ്കൂളിന്റെ പുനർനിർമിച്ച മേൽക്കൂര

**ചെറുപുഷ്പം പാറയ്ക്കൽ**

അങ്ങാടിക്കടവ്: നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് ഹൈസ്കൂളിന്റെ മേൽക്കൂര പുനർനിർമ്മിച്ചു. കാലപ്പഴക്കം കൊണ്ട് അപകടാവസ്ഥയിൽ ആയിരുന്ന മരം കൊണ്ടുള്ള മേൽക്കൂട് മാറ്റി ഇരുമ്പ് പൈപ്പ് ഉപയോഗിച്ചാണ് മേൽക്കൂട് ബലപ്പെടുത്തിയത്. ക്ലാസ്സ് മുറികളിൽ ടൈൽസ് ഇടുന്ന ജോലികൾ ആരംഭിച്ചു. നിലവിൽ ഉള്ള സയൻസ് ലാബിന് സൗകര്യം കുറവായതിനാൽ പുതിയ ലാബിന്റെ നിർമ്മാണവും ആരംഭിച്ചു.

42 വർഷം പഴക്കമുള്ള സ്കൂൾ കെട്ടിടത്തിന്റെ പുനരുദ്ധാരണം വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും എറെ നാളത്തെ ആവശ്യമായിരുന്നു. ''കെട്ടിടത്തിന്റെ കാലപ്പഴക്കം വിദ്യാർഥികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്. മഴക്കാലത്ത് ക്ലാസ്മുറികൾ ചോർന്നൊലിക്കുമായിരുന്നു'' എന്ന് പൂർവ്വ വിദ്യാർത്ഥിനി ഡെൽന ശൗര്യാംതടത്തിൽ പറഞ്ഞു.

''കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 45 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി 40 ലക്ഷം അനുവദിച്ചിട്ടുണ്ട്. ബാക്കി രൂപ പൊതുജനങ്ങളിൽ നിന്ന് സമാഹരിക്കാനാണ് നിലവിൽ സ്കൂൾ മാനേജ്മെന്റ് തീരുമാനിച്ചിരിക്കുന്നത്'' മാനേജർ ഫാ. തോമസ് ആമക്കാട്ട് പറഞ്ഞു

''മാർച്ച് ആദ്യവാരം ആരംഭിച്ച പുനർനിർമ്മാണം മെയ് അവസാനത്തോടെപൂർത്തിയാവും. കെട്ടിട നവീകരണത്തിലൂടെയും പുതിയ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെയും കൂടുതൽ വിദ്യാർഥികളെ ആകർഷിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. സ്കൂൾ തുറക്കുന്നതിന് മുൻപ് പണികൾ തീർക്കാനുള്ള ശ്രമത്തിലാണ്.'' മാനേജർ കൂട്ടിച്ചേർത്തു.

''മികച്ച പഠന നിലവാരം പുലർത്തുന്ന അങ്ങാടിക്കടവ് ഹൈസ്കൂളിനു ആധുനിക നിലവാരമുള്ള ഒരു സ്കൂൾ കെട്ടിടം അനിവാര്യമായിരുന്നു. ചിരകാല സ്വപ്നം യാഥാർത്ഥ്യമാവുന്ന സന്തോഷത്തിലാണ് അധ്യാപകരും വിദ്യാർത്ഥികളും. പുതിയ അധ്യയന വർഷം വിദ്യാർഥികളുടെ പഠനം നവീകരിച്ച കെട്ടിടത്തിൽ ആയിരിക്കും'' പ്രധാനാധ്യാപകൻ ഫാ. കുര്യാക്കോസ് അറയ്ക്കൽ അറിയിച്ചു. സ്കൂൾ നവീകരണം നടക്കുന്നതിനാൽ വിദ്യാർഥികളുടെ എസ്എസ്എൽസിപരീഷകൾയു.പി. സ്കൂളിൽ ആയിരിക്കും നടക്കുക.

# മാവേലി സ്റ്റോർ: വിൽപ്പനയിൽ ഇടിവ്



**നീതു തങ്കച്ചൻ**

അങ്ങാടിക്കടവ്: മാവേലി സ്റ്റോറിലേക്ക് എത്തുന്ന ഉപഭോക്താക്കളുടെ എണ്ണം ക്രമാതീതമായി കുറയുന്നു. ലോക് ഡൗണിനു മുൻപ് എൺപതു മുതൽ നൂറ് ഉപഭോക്താക്കൾ വരെ എത്തിയിരുന്ന മാവേലി സ്റ്റോറിൽ നിന്നും ഇപ്പോൾ അൻപതിൽ താഴെ ആളുകൾ മാത്രമാണ് സാധനങ്ങൾ വാങ്ങുന്നതിനായി എത്തുന്നത്.

''എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ചെറുപയർ, ഉഴുന്ന്, കടല, പയർ, പരിപ്പ്, മട്ട അരി, പച്ചരി, കുറുവ അരി, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ തുടങ്ങിയ പന്ത്രണ്ട് സാധനങ്ങൾ മാവേലി സ്റ്റോറിൽ നിന്നും സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്നുണ്ട്. സർക്കാരിന്റെ സൗജന്യ ഭക്ഷ്യ കിറ്റുകൾ ജനങ്ങൾക്ക് റേഷൻ കടകളിലൂടെ ഇപ്പോൾ ലഭിക്കുന്നുണ്ട്. ധാന്യ വർഗ്ഗങ്ങളിൽ ഭൂരിഭാഗവും കിറ്റിലൂടെ വിതരണം ചെയ്യുന്നതാണ് ജനങ്ങൾ മാവേലിസ്റ്റോറിനെ ആശ്രയിക്കുന്നത് പരിമിതപ്പെടുവാനുള്ള പ്രധാന കാരണം. ഇത് വിൽപ്പനയെ സാരമായി ബാധിച്ചു.'' മാവേലിസ്റ്റോർ ജീവനക്കാരിയായ രാഗിണി അഭിപ്രായപ്പെടുന്നു.

''അങ്ങാടിക്കടവിൽ നിരവധി പലചരക്ക് കടകളും സൂപ്പർ മാർക്കറ്റുകളുംപ്രവർത്തിക്കുന്നുണ്ട്. ആളുകളിൽ ഭൂരിഭാഗവും സാധനങ്ങൾ വാങ്ങുന്നതിനായി ഇവയെയാണ് ആശ്രയിക്കുന്നത്'' എന്ന് പ്രദേശവാസിയായ ബാബു എസ്. എ പറയുന്നു.

''സാധനങ്ങൾ നല്ല വിലക്കുറവിലും ഗുണമേന്മയിലുമാണ് മാവേലി സ്റ്റോറിൽ നിന്നും ലഭിക്കുന്നത്. ഇത് സാധാരണക്കാർക്ക് വളരെ പ്രയോജനകരമായ ഒരു സംരംഭമാണ്.'' സ്ഥിരം ഉപഭോക്താവായ രാധാമണി അഭിപ്രായപ്പെട്ടു.

കോവിഡ് ഉണ്ടാക്കിയ സാഹചര്യങ്ങൾ മാറുന്നതിനനുസരിച്ച് സർക്കാർ കിറ്റ് വിതരണം നിർത്തിയേക്കാം. അങ്ങനെ കിറ്റ് വിതരണം നിർത്തുന്നതിനനുസരിച്ച് മാവേലിസ്റ്റോറിനെ ആശ്രയിക്കുന്നവരുടെ എണ്ണം വർദ്ധിക്കും എന്നാണ് ജീവനക്കാരുടെ പ്രതീക്ഷ.

St. Jude
UNITY SUPERMARKET LLP
Kiliyanthara P.O., St. Jude Nagar
Phone: 7510310600;
Email: stjudeunitysupermarket@gmail.com

Since 2001
ORMAS BAKES
NUTS & CHOCOLATES
VALLITHODE - KILIYANTHARA P.O
SHOP: 9526420831
NUTS & CHOCOLATES; GULF BAZAR ITEMS, CAKES ACCESSORIES
Opening Soon...
METRO STORES
Vallithode

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവിൺ പി.എഫ്. | എഡിറ്റർ ഇൻ ചാർജ്: അഭിരാം കെ.കെ. | സബ് എഡിറ്റേഴ്സ്: നീതു തങ്കച്ചൻ, ചെറുപുഷ്പം പാറയ്ക്കൽ, ഡെൽന ഡേവിസ്, തൊവിത്തോ, ക്രിസ്റ്റീൻ ലൂയീസ് | ഫോട്ടോഗ്രാഫേഴ്സ്: തൊവിത്തോ, ക്രിസ്റ്റീൻ ലൂയീസ് | ഡിസൈൻ: ബിവാൾഡിൻ